പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1694 02.07.2015 - ൽ മറുപടിയ്ക്ക്

**അനാഥാലയങ്ങളിലെ അന്തേവാസികളുടെ വിദ്യാഭ്യാസ ഉന്നമനം**

ചോദ്യം ഉത്തരം

ശ്രീ.പി.ടി.എ. റഹീം ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങളിലെ അന്തേവാസികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ; | (എ) | അനാഥാലയങ്ങളിലെ അന്തേവാസികളായ കുട്ടികളുടെ പഠനത്തിനുവേണ്ടി ഐടിഐ, ഫാർമസി, പോളിടെക്നിക്, ജനറൽ നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പ്രവേശനത്തിന് സർക്കാരിന്റെ പ്രത്യേക പ്രവേശനാനുമതിയും ഉണ്ട്. ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ) ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓർഫനേജുകളിൽ സർക്കാർ ഗ്രാന്റിന് അർഹതയുള്ള അന്തേവാസികൾക്ക് പ്ലസ് ടൂ വിദ്യാഭ്യാസ യോഗ്യതയ്ക്ക് ശേഷം തുടർ പഠനത്തിന് അർഹതയുണ്ട്. ടി അന്തേവാസികൾക്ക് കോഴ്സ് ഫീസും റസിഡൻഷ്യൽ അക്കോമഡേഷൻ ഫീസും ടെസ്റ്റ് ബുക്കുകളുടെയും പൂർണ്ണമായ ചെലവുകളും ധനസഹായമായി ലഭിക്കുന്നതാണ്. സ്ഥാപനത്തിന് വെളിയിലുള്ള ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസം പരമാവധി 1000/- രൂപയും, യൂണിഫോം, വസ്ത്രം എന്നിവയ്ക്ക് പ്രതിവർഷം പരമാവധി 2000/- രൂപയും അനുവദിക്കുന്നു. |
| (ബി) | ഇവർക്ക് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ